## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 799 08.03.2012 - ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ സർവീസും വരവ് ചെലവുകളും

ചോദ്യം

ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കടക്കെണിയിൽ നിന്നും മോചനം നേടാൻ കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കേന്ദ്ര ആസൂത്രണ കമ്മീഷനോട് എത്ര കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | കടക്കെണിയിൽ നിന്നും മോചനം നേടാൻ കെ.എസ്.ആർ.ടി.സി., കേന്ദ്ര ആസൂത്രണ കമ്മീഷനോട് 1000 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രതിദിനം എത്ര കിലോ മീറ്റർ സർവ്വീസാണ് കെ.എസ്.ആർ.ടി.സി. നടത്തുന്നത്; സംസ്ഥാനം അന്തർ സംസ്ഥാനം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) | 2012 ജനുവരിയിലെ കണക്കനുസരിച്ച് JnNURM സർവ്വീസുകൾ ഉൾപ്പടെ പ്രതിദിനം ശരാശരി 15.87 ലക്ഷം കിലോ മീറ്റർ ദൂരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുകയുണ്ടായി. ഇതിൽ അന്തർ സംസ്ഥാന സർവ്വീസ്സുകൾ 1.56 ലക്ഷം കി.മീറ്റർ ദൂരവും, ഇതര സർവ്വീസ്സുകൾ 14.31 ലക്ഷം കി.മീറ്ററുമാണ്. |
| (സി) | എത്ര കോടി രൂപയുടെ ശരാശരി പ്രതിമാസ വരുമാനമാണ് കെ.എസ്.ആർ.ടി.സിയ്ക്ക് കിട്ടുന്നത്; | (സി) | 2011 ജനുവരി മുതൽ ഡിസംബർ വരെയുള്ള കണക്കനുസരിച്ച് JnNURM സർവ്വീസ്സുകൾ ഉൾപ്പടെ പ്രതിമാസം ശരാശരി 119.99 കോടി രൂപ വരുമാനം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ പ്രതിമാസം എത്ര കോടി രൂപയുടെ ചെലവാണ് കെ.എസ്.ആർ.ടി.സി. ക്ക് വരുന്നത്; ശമ്പളം, പെൻഷൻ, ഡീസൽ ഉൾപ്പെടെ വിശദമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ചെലവുകൾ<br>ശമ്പളം - **42.85** കോടി രൂപ<br>പെൻഷൻ - **27.75** കോടി രൂപ<br>ഡീസൽ - **56.40** കോടി രൂപ<br>പെൻഷൻ ആനുകൂല്യങ്ങൾ, മറ്റ് ചെലവുകൾ - **44.57** കോടി രൂപ<br>ആകെ - **171.57** കോടി രൂപ. |
| (ഇ) | പ്രതിവർഷം എത്ര കോടി രൂപയുടെ അന്തരമാണ് വരവും ചെലവും തമ്മിലുള്ളത്; ഈ അന്തരം പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | പ്രൊവിഷണൽ എസ്റ്റിമേറ്റ് അനുസരിച്ച് **785.37** കോടി രൂപയുടെ അന്തരമാണ് വരവും - ചെലവും തമ്മിലുള്ളത്.<br>ഈ അന്തരം പരിഹരിക്കുവാൻ 400 കോടി രൂപ KTDFC - യിൽ നിന്നും പ്രവർത്തന മൂലധന വായ്പയായി എടുക്കുവാനും ശേഷിക്കുന്ന തുക സർക്കാർ വായ്പയിനത്തിലോ, സഹായമായോ ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| (എഫ്) | ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും (സർക്കാർ / സർക്കാരിതര) കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ടെന്നും ആയതിലേക്ക് പലിശയിനത്തിൽ നീക്കി വയ്ക്കേണ്ട തുക എത്രയെന്നും വിശദമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങൾ.<br>സർക്കാരിൽ നിന്നും പ്രവർത്തന മൂലധന വായ്പ - **490.50** കോടി രൂപ<br>KTDFC - **849.29** കോടി രൂപ<br>LIC - **75** കോടി രൂപ<br>HUDCO - **170.94** കോടി രൂപ<br>പ്രതിമാസ പലിശയിനത്തിൽ **11.10** കോടി രൂപ നീക്കിവെയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ